"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് പനമണ്ണ അപ്പർ പ്രൈമറി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. സൗമ്യ. പി ഫയൽ ചെയ്ത WP(C)No. 20235/2021-ാം നമ്പർ ഹർജിയിന്മേൽ ബഹു കേരള ഹൈക്കോടതി പുറപ്പെടുവിച്ച 27.09.2021 ലെ വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.253/2022/പൊ.വി.വ തീയതി,തിരുവനന്തപുരം, 11/01/2022

പരാമർശം:-

1. പാലക്കാട് പനമണ്ണ അപ്പർ പ്രൈമറി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. സൗമ്യ. പി യുടെ 17/09/2021 തീയതിയിലെ പുന:പരിശോധനാ ഹർജി(Ext. P4)
2. ബഹു. കേരള ഹൈക്കോടതിയുടെ 27.09.2021-ലെ ഡബ്ല്യൂ . പി (സി) നം . 20235/2021 - നമ്പേലുള്ള വിധിന്യായം.
3. ഒറ്റപ്പാലം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 13/12/2021 ലെ ഡി/1809/21 നമ്പർ കത്ത്.
4. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 01/01/2022 ലെ ബി4/5794/21 നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് പനമണ്ണ അപ്പർ പ്രൈമറി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചറായ ശ്രീമതി. സൗമ്യ. പി ഫയൽ ചെയ്ത WP(C)No. 20235/2021-ാം നമ്പർ ഹർജിയിന്മേൽ ബഹു കേരള ഹൈക്കോടതി പുറപ്പെടുവിച്ച പരാമർശം 2 വിധിന്യായത്തിൽ ഹർജിക്കാരി സർക്കാരിൽ ഫയൽ ചെയ്ത Ext. P4 പുന:പരിശോധനാ ഹർജി(പരാമർശം 1) ഹർജിക്കാരിയെയും ടി സ്കൂൾ മാനേജരെയും കേട്ട് തീർപ്പാക്കണമെന്ന് ഒന്നാം എതിർകക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം ലഭിക്കുകയുണ്ടായി. അപ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം 4.1.2022-ന് ഗ്രഗിൾ മീറ്റ് സംവിധാനം വഴി കേട്ടു.

2. ഹർജിക്കാരിയുടെ വാദം ചുവടെ ചേർക്കുന്നു .

എ)റിവിഷൻ ഹർജിക്കാരിയുടെ 07/06/2010 മുതൽ 31/05/2011 വരെയുള്ള സർവീസ് അംഗീകരിച്ചു കിട്ടുന്നതിനാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. റിവിഷൻ ഹർജിക്കാരിയുടെ നിയമനം അധിക തസ്തികയിലാണ്. ഈ സ്കൂളിലെ തന്നെ ശ്രീമതി. ഹസ്ന.വി.പി ഫയൽ ചെയ്ത WP(C) No.21564/2020 ൽ ഡീമിംങ് പ്രൊവിഷൻ വെച്ച് തീരുമാനം എടുക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളതാകുന്നു. ഈ കേസിലെ പെറ്റീഷണറുടെ കേസും മാനേജർ ബോണ്ട് നൽകിയില്ല എന്നതിന്റെ പേരിൽ നിരസിക്കുവാൻ ഇടയാകരുതെന്ന് അപേക്ഷിക്കുന്നു. മാനേജർ ബോണ്ട് നൽകിയില്ലെങ്കിലും ബോണ്ട് നൽകിയതായി പരിഗണിച്ച് റിവിഷൻ ഹർജിക്കാരിയുടെ 07/06/2010 മുതൽ 31/05/2011 വരെയുള്ള കാലയളവ് സ്കെയിൽ ഓഫ് പേയിൽ അംഗീകരിച്ച് ഉത്തരവാകണമെന്ന് ഇതിനാൽ അപേക്ഷിക്കുന്നു.

3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ , ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

എ) പനമണ്ണ എ.യു.പി.സ്കൂളിൽ 2010-11 വർഷം അനുവദിച്ച അധിക യു.പി.എസ്.എ തസ്തികയിലാണ് ശ്രീമതി. സൗമ്യ.പി - യുടെ 07/06/2010 മുതൽക്കുള്ള നിയമനം മാനേജർ നടത്തിയിട്ടുള്ളത്. 2010-11 വർഷം അധിക തസ്തികകളിലെ നിയമനം അംഗീകരിക്കുന്നതിന് ഉത്തരവുകൾ ഇല്ലായിരുന്നു എന്നതിനാൽ പ്രസ്തുത നിയമനം ഈ കാര്യാലയത്തിൽ നിന്നും നിരസിച്ചുത്തരവായി. തുടർന്ന്, 12/01/2010 ലെ സ.ഉ(പി)

10/10 പ്രകാരം അധിക ഡിവിഷൻ ഒഴിവുകളിൽ 2006-07 വർഷം മുതൽ ഏർപ്പെടുത്തിയിരുന്ന നിയമന നിയന്ത്രണം പിൻവലിക്കുകയും 2006-07 മുതൽ 2009-10 വരെയുള്ള സ്റ്റാഫ് ഫിക്സേഷൻ പുന:പരിശോധിച്ച അനുവദനിയമായ തസ്തിക അനുവദിക്കാൻ അനുമതി നൽകി ഉത്തരവാകുകയും ചെയ്തു.

ബി) കൂടാതെ 2006-07 വർഷം മുതൽ 2010-11 വരെയുള്ള വർഷങ്ങളിൽ എയ്ഡഡ് സ്കൂളുകളിലെ അധിക ഡിവിഷൻ ഒഴിവുകളിൽ നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നതിന്, 2010-11 അധ്യയന വർഷം മുതൽ വിദ്യാലയത്തിൽ ഉണ്ടാവുന്ന പുതിയ ഒഴിവുകളിൽ 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിൽ നിയമിതരായവർക്ക് തുല്യ എണ്ണം സംരക്ഷിതാദ്ധ്യാപകരെ നിയമിച്ചുകൊള്ളാമെന്ന സമ്മതപത്രം സമർപ്പിക്കാനും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ പനമണ്ണ എ.യു.പി.സ്കൂൾ മാനേജർ അപ്രകാരം സമ്മതപത്രം സമർപ്പിച്ചിരുന്നില്ല. ശമ്പളമില്ലാതെ തുടരുന്ന അദ്ധ്യാപകരുടെ നിയമനം അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 01/06/2011 മുതൽ അംഗീകാരം നൽകാം എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01/06/2011 മുതൽ ശ്രീമതി. സൗമ്യ.പി-യുടെ നിയമനം അംഗീകരിച്ചു നൽകുകയാണ് ചെയ്തിട്ടുള്ളത്.

സി) സ.ഉ (പി) 10/10 പ്രകാരമുള്ള സമ്മതപത്രം നാളിതുവരെയും മാനേജർ സമർപ്പിച്ചിട്ടില്ല. ആയതിനാൽ ശ്രീമതി. സൗമ്യ.പി - യുടെ 07/06/2010 മുതൽ 31/05/2011 വരെയുള്ള നിയമനം പരിഗണനാർഹമല്ല. കൂടാതെ, അദ്ധ്യാപക പാക്കേജിന്റെ ഭാഗമായി 01/06/2011 മുതൽ നിയമനാംഗീകാരം ലഭിച്ചവർ 31/05/2011 വരെയുള്ള അവരുടെ സേവനം സംബന്ധിച്ച് പിന്നീട് അവകാശം ഉന്നയിക്കരുതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ഡി) എന്നിരുന്നാലും, ഇതേ സ്കൂളിൽ സമാന സാഹചര്യത്തിൽ 19/06/2006 മുതൽ നിയമിക്കപ്പെട്ട ശ്രീമതി. ഫൗസിയ.കെ, യു.പി.എസ്.എ യുടെ 19/06/2006 മുതൽ 31/05/2011 വരെയുള്ള നിയമനം അംഗീകരിച്ചു നല്കുന്നതിന് സ.ഉ (സാധാ)നം.4240/2021/പൊ.വി.വ തീയ്യതി 25/09/2021 പ്രകാരം ഈ കാര്യാലയത്തിന് നിർദ്ദേശം നല്കിയിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. സ.ഉ (പി) 10/10 പ്രകാരമുള്ള സമ്മതപത്രം നാളിതുവരെയും മാനേജർ സമർപ്പിച്ചിട്ടില്ല എന്നും, ആയതിനാൽ ശ്രീമതി. സൗമ്യ.പി - യുടെ 07/06/2010 മുതൽ 31/05/2011 വരെയുള്ള നിയമനം പരിഗണനാർഹമല്ല എന്നുമാണ് വിദ്യാഭ്യാസ അധികാരികൾ തടസ്സവാദം ഉയർത്തിയിട്ടുള്ളത്. ഇതേ സ്കൂളിന്റെ മാനേജർ സ. ഉ. (പി) 10/10 പ്രകാരമുള്ള സമ്മതപത്രം വച്ചിട്ടുള്ളതായി കണക്കിലെടുത്ത് ശ്രീമതിമാർ ഹസ്ന.വി.പി, ഫൗസിയ.കെ എന്നിവരുടെ നിയമനാംഗീകാരങ്ങൾ നൽകുകയുണ്ടായെന്ന് റിപ്പോർട്ടുണ്ട്. അതുകൊണ്ട്, പ്രസ്തുത ടീച്ചർമാർ ഫയൽ ചെയ്ത കേസുകളിൽ ബഹു: ഹൈക്കോടതി ഉത്തരവിട്ടിട്ടുള്ള പ്രകാരം മാനേജർ സ.ഉ (പി) 10/10 പ്രകാരമുള്ള സമ്മതപത്രം വച്ചിട്ടുള്ളതായി കണക്കിലെടുത്ത് ഹർജിക്കാരിയുടെ 07/06/2010 മുതൽ 31/05/2011 വരെയുള്ള നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം ഒറ്റപ്പാലം ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകി, ഹർജിക്കാരിയായ പാലക്കാട് പനമണ്ണ അപ്പർ പ്രൈമറി സ്കൂളിലെ അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ ശ്രീമതി. സൗമ്യ. പി സർക്കാരിൽ ഫയൽ ചെയ്ത പരാമർശം 1 പുന:പരിശോധനാ ഹർജി (Ext. P4 പുന:പരിശോധനാ ഹർജി) തീർപ്പാക്കി അപ്രകാരം ബഹു: കേരള ഹൈക്കോടതിയുടെ പരാമർശം 2 വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്.വി
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖകത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.

File No.GEDN-B3/234/2021-G.EDN

ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഔറ്റപ്പാലം പാലക്കാട് ജില്ല.
മാനേജർ, പനമണ്ണ അപ്പർ പ്രൈമറി സ്കൂൾ, അമ്പലവട്ടം. പി ഒ, പാലക്കാട്.
പ്രഥമാദ്ധ്യാപകൻ, പനമണ്ണ അപ്പർ പ്രൈമറി സ്കൂൾ, അമ്പലവട്ടം. പി ഒ, പാലക്കാട്.
ശ്രീമതി. സൗമ്യ. പി , അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ,
പനമണ്ണ അപ്പർ പ്രൈമറി സ്കൂൾ, അമ്പലവട്ടം. പി ഒ, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by Shahna Kumari S L
Date: 12-01-2022 10:41:24
Reason: Approved

സെക്ഷൻ ഓഫീസർ